"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് – വയനാട് ജില്ലയിലെ മേപ്പാടി പ്രദേശത്ത് ഉണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് കടമുറികൾ നഷ്ടപ്പെട്ട കെട്ടിട ഉടമകൾക്കും, സംരംഭകർക്കും, നഷ്ടപരിഹാരം അനുവദിച്ച് -ഉത്തരവാകുന്നു.

---

**ദുരന്തനിവാരണ (എ) വകുപ്പ്**

സ.ഉ.(കൈ) നം.6/2026/DMD തീയതി, തിരുവനന്തപുരം, 21-02-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം.14/2025/ഡി.എം.ഡി തീയതി 01.08.2025.
2. 18.12.2025 തീയതിയിലെ വയനാട് ജില്ലാ കളക്ടറുടെ DCWYD/3748/2025/DM3 നമ്പർ കത്ത്
3. 06.02.2026, 16.02.2026 തീയതികളിലെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി (SEC) യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

ചൂരൽമല– മുണ്ടക്കൈ പ്രദേശങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കെട്ടിട ഉടമകൾക്കും, സംരംഭകർക്കും ഉചിതമായ നഷ്ടപരിഹാരം അനുവദിക്കുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് പരാമർശം(1) പ്രകാരം വയനാട് ജില്ലാ കളക്ടർ, (2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, (3) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം വയനാട് എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾ വയനാട് ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം സമർപ്പിക്കുകയും ചെയ്തു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ഇതൊരു പ്രത്യേക സാഹചര്യമായി പരിഗണിച്ച് താഴെപ്പറയുന്ന പ്രകാരം നഷ്ടപരിഹാരം അനുവദിക്കാൻ തീരുമാനിച്ചു:

**I. ദുരന്തത്തിൽ പൂർണ്ണമായും കടമുറികൾ നഷ്ട്ടപെട്ട കട ഉടമകൾക്കു**

a. ദുരന്തത്തിൽ പൂർണ്ണമായും നശിച്ച കടമുറികൾക്ക്, കടയുടെ തരമോ ഘടനയോ പരിഗണിക്കാതെ, ഓരോ കടമുറിക്കും ₹7,00,000/- (ഏഴ് ലക്ഷം രൂപ മാത്രം) നഷ്ടപരിഹാരം അനുവദിക്കുന്നു.

b. ഒരാൾക്ക് ഒന്നിൽ കൂടുതൽ കടമുറികൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അധികമുള്ള ഓരോ കടമുറിക്കും ₹2,50,000/- (രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വീതം നഷ്ടപരിഹാരം അനുവദിക്കുന്നു.

**II. ദുരന്തത്തിൽ സംരംഭങ്ങൾ നഷ്ടപ്പെട്ട സംരംഭകർക്ക്**

സംരംഭകർക്ക് അവരുടെ സംരംഭങ്ങൾ പുനരാരംഭിക്കുന്നതിനായി, ഓരോ സംരംഭത്തിനും, അവർക്ക് ഉണ്ടായ നഷ്ടത്തിന്റെ 50% അല്ലെങ്കിൽ താഴെപ്പറയുന്ന പ്രകാരമുള്ള പരമാവധി തുക (ഇവയിൽ ഏതാണോ കുറഞ്ഞ തുക) ഓരോ സംരംഭത്തിനും നഷ്ടപരിഹാരമായി അനുവദിക്കുന്നു :

(a) **Manufacturing Sector –** പരമാവധി ₹20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം)
(b) **Service Sector –** പരമാവധി ₹10,00,000/- (പത്ത് ലക്ഷം രൂപ മാത്രം)
(c) **Trade Sector –** പരമാവധി ₹7,00,000/- (ഏഴ് ലക്ഷം രൂപ മാത്രം)

3) വയനാട് ജില്ലാ വ്യവസായ കേന്ദ്രം ഇതിനാവശ്യമായ പ്രൊപ്പോസൽ അടിയന്തിരമായി താഴെപ്പറയുന്ന വിശദാംശങ്ങൾ സഹിതം തയ്യാറാക്കി ജില്ലാ കളക്ടറുടെ ശിപാർശയോടെ അടിയന്തിരമായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്:

i. ഓരോ സംരംഭത്തിനും ഉണ്ടായ നഷ്ടം വിലയിരുത്തി മേൽ നിബന്ധനകൾക്ക് അനുസൃതമായി നഷ്ടപരിഹാരം തിട്ടപ്പെടുത്തുക .

ii. സംരംഭങ്ങളുടെ കൃത്യമായ മേഖലാ വർഗ്ഗീകരണം (Manufacturing / Service /Trade) നടത്തുക

4) നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനായി വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നു. നഷ്ടപരിഹാരം അനുവദിക്കുന്നതിനാവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF) നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, വയനാട്
ജില്ലാ വ്യവസായ കേന്ദ്രം, വയനാട്
റവന്യൂ (ഡി.ആർ.എഫ്-സി ) വകുപ്പ്
പൊതുഭരണ (SC) വകുപ്പ് (ഇനം നമ്പർ : )
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Vincent U**
**Date: 23-02-2026 13:46:02**
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-02-2026

ഫയൽ നം. ഡിഎം.എ2/467/2025/ഡി.എം.ഡി. ഇനം നം: 3710

വിഷയം : ദുരന്തനിവാരണ വകുപ്പ് - വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപ്പൊട്ടലിൽ കടമുറികൾ നഷ്ടപ്പെട്ട കെട്ടിട ഉടമകൾക്കും സംരംഭകർക്കും ഉചിതമായ നഷ്ടപരിഹാരം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ മന്ത്രിസഭായോഗം ചർച്ച ചെയ്തു. ഇക്കാര്യം ഒരു പ്രത്യേക കേസായി പരിഗണിച്ച് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. ദുരന്തത്തിൽ പൂർണ്ണമായി നഷ്ടം സംഭവിച്ച കടകൾക്ക് കടകളുടെ തരമോ ഘടനയോ പരിഗണിക്കാതെ ഒരു കടയ്ക്ക് ഏഴ് ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിക്കുവാൻ തീരുമാനിച്ചു.
2. കടയുടമയ്ക്ക് ഒന്നിൽക്കൂടുതൽ കടമുറികൾ നഷ്ടമായിട്ടുണ്ടെങ്കിൽ അധികമുള്ള ഓരോ കടമുറിയ്ക്കും 2.5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം അനുവദിക്കുവാൻ തീരുമാനിച്ചു.
3. സംരംഭകർക്ക് സംരംഭങ്ങൾ പുനരാരംഭിക്കുന്നതിനായി ഓരോ സംരംഭത്തിനും അവർക്കുണ്ടായ നഷ്ടത്തിന്റെ 50% അല്ലെങ്കിൽ താഴെപ്പറയുന്ന പ്രകാരമുള്ള പരമാവധി തുക ഓരോ സംരംഭത്തിനും നഷ്ടപരിഹാരമായി അനുവദിക്കാവുന്നതാണ്.
   - (a). Manufacturing Sector - 20 ലക്ഷം
   - (b). Service - 10 ലക്ഷം
   - (c). Trade - 7 ലക്ഷം
4. നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായി വരുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വയനാട് ജില്ലാ

(...2)

കളക്ടർക്ക് അനുവദിക്കുവാനും തുക വിതരണം ചെയ്യുന്നതിന് വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്.

3710

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡിഎം.എ 2/467/2025-ഡി.എം.ഡി. |
| 2. | വകുപ്പ് | ദുരന്ത നിവാരണ (എ) വകുപ്പ് |
| 3. | വിഷയം | വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപൊട്ടലിൽ കടമുറികൾ നഷ്ടപ്പെട്ട കെട്ടിട ഉടമകൾക്കും സംരംഭകർക്കും ഉചിതമായ നഷ്ടപരിഹാരം അനുവദിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 04/02/2026 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ബിന്ദു സി. വർഗ്ഗീസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എം. ജി. രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 17/02/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 17/02/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 17/02/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 17/02/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപൊട്ടലിൽ കടമുറികൾ നഷ്ടപ്പെട്ട കെട്ടിട ഉടമകൾക്കും സംരംഭകർക്കും ഉചിതമായ നഷ്ടപരിഹാരം അനുവദിക്കുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

**2.** സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.14/2025-ഡിഎംഡി, തീയതി 01/08/2025 പ്രകാരം, ചൂരൽമല - മുണ്ടക്കൈ പ്രദേശങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കെട്ടിട ഉടമകൾക്കും സംരംഭകർക്കും ഉചിതമായ നഷ്ടപരിഹാരം അനുവദിക്കുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് (1) വയനാട് ജില്ലാ കളക്ടർ, (2) ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്, (3) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം വയനാട് എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു.

**3.** മേൽ പറഞ്ഞ കമ്മിറ്റിയുടെ ശിപാർശകൾ വയനാട് ജില്ലാ കളക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. കമ്മിറ്റി റിപ്പോർട്ട് **അനുബന്ധം 1** ആയി ചേർക്കുന്നു.

മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിൽ പൂർണ്ണമായും കേട്ടുപാടുകൾ സംഭവിക്കുകയും ഉപയോഗശൂന്യമായി തീരുകയും ചെയ്ത വ്യാപാര സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വാണിജ്യ കെട്ടിടങ്ങൾ | എണ്ണം |
|---|---|---|
| 1 | ആകെ ഉടമസ്ഥരുടെ എണ്ണം | 52 |
| 2 | 3 പുറമ്പോക്ക് ഉൾപ്പെടെയുള്ള റൂമുകളുടെ ആകെ എണ്ണം | 126 |
| 3 | സ്ഥാപനങ്ങളുടെ എണ്ണം | 94 |
| 4 | പാർട്ടി ഓഫീസ് | 4 |
| 5 | പോസ്റ്റ് ഓഫീസ് | 1 |
| 6 | ബാങ്ക് | 2 |
| 7 | ഒഴിഞ്ഞ് കിടക്കുന്നത് | 4 |
| 8 | വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾ | 83 (94-11) |
| 9 | 83 സ്ഥാപനങ്ങൾ നടത്തുന്ന വ്യക്തികളുടെ എണ്ണം | 72 (22 owners and 50 tenants) |

52 ഉടമസ്ഥരുടെ 126 കടമുറികളിൽ, 72 സംരംഭകർ 83 സംരംഭങ്ങൾ ആണ് നടത്തിവന്നിരുന്നത്. ഇതിൽ നിന്നും 126 കടമുറികൾക്കും 83 സംരംഭങ്ങൾക്കും സർക്കാർ നഷ്ടപരിഹാരം നൽകേണ്ടി വരുമെന്ന് കാണുന്നു.

## കമ്മിറ്റി ശിപാർശ ചെയ്ത മാനദണ്ഡങ്ങൾ

### I. കടമുറികൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച്

a) കടമുറിയുടെ ഘടന (പക്കാ/കച്ചാ) പരിഗണിക്കാതെ ഒരു നിശ്ചിത തുക നഷ്ടപരിഹാരമായി നിശ്ചയിച്ച് ഒരാൾക്ക് പരമാവധി രണ്ട് കടമുറികൾക്ക് വരെ നൽകുക.

**OR**

b) കടമുറിയുടെ ഘടന പരിഗണിച്ച് പക്കാ കടമുറികൾക്ക് ഒരു നിശ്ചിത തുകയും, കച്ചാ കടമുറികൾക്ക് അതിൽ കുറഞ്ഞ തുകയും നിശ്ചയിച്ച് ഒരാൾക്ക് പരമാവധി രണ്ട് കടമുറികൾക്ക് വരെ നൽകുക.

### II. സംരംഭങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച്

a) ലൈസൻസോടെ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾക്ക് ഒരു നിശ്ചിത തുക നഷ്ടപരിഹാരമായി കണക്കാക്കി ഒരാൾക്ക് പരമാവധി രണ്ട് സംരംഭങ്ങൾക്ക് വരെ നൽകുക; മറ്റ് സ്ഥാപനങ്ങൾക്ക് കുറഞ്ഞ തുക നൽകുക.

**OR**

b) ലൈസൻസുള്ളതും ലൈസൻസ് പുതുക്കാത്തതുമായ സ്ഥാപനങ്ങൾക്ക് ഒരു നിശ്ചിത തുക നഷ്ടപരിഹാരമായി കണക്കാക്കി ഒരാൾക്ക് പരമാവധി രണ്ട് സംരംഭങ്ങൾക്ക് വരെ നൽകുക; മറ്റ് സ്ഥാപനങ്ങൾക്ക് കുറഞ്ഞ തുക നൽകുക.

OR

c) എല്ലാ സംരംഭങ്ങൾക്കും ഒരേ നിരക്കിൽ നഷ്ടപരിഹാരം നൽകുക.

**4.** കടമുറികളുടെ വിശദാംശങ്ങൾ താഴെ കണ്ടാലും.

| **Category** | **No of Owners** | **No of Shops** |
|---|---|---|
| No of owners who had 1 shop | 19+3 | 22x1= 22 |
| No of owners who had 2 shops | 13 | 13x2= 26 |
| No of owners who had 3 shops | 4 | 4x3= 12 |
| No of owners who had 4 shops | 6 | 6x4= 24 |
| No of owners who had 5 shops | 2 | 2x5= 10 |
| No of owners who had 6 shops | 4 | 4x6= 24 |
| No of owners who had 8 shops | 1 | 1x8= 8 |
| Total | 52 | 126 |

അതുപോലെ, ഒന്നിലധികം സംരംഭങ്ങൾ നടത്തിയിരുന്ന ദുരന്തബാധിതരും ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കണ്ടാലും.

| | | |
|---|---|---|
| No. of entrepreneurs who had 1 enterprise | 62 | 62x1=62 |
| No. of entrepreneurs who had 2 enterprises | 9 | 9x2=18 |
| No. of entrepreneurs who had 3 enterprises | 1 | 1x3=3 |
| Total | 72 entrepreneurs | 83 enterprises |

**5.** കമ്മിറ്റിയുടെ ശിപാർശകൾ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ബഹു. മുഖ്യമന്ത്രി താഴെ പറയും പ്രകാരം ഉത്തരവായി :

*"126 കടമുറികളുടെ ഉടമസ്ഥരായ 52 പേർക്ക് നഷ്ടപരിഹാര മാനദണ്ഡം അടിയന്തിരമായി SEC കൂടി നിശ്ചയിച്ചശേഷം, നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക."*

**6.** ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 06/02/2026-ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ അടിയന്തിര സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി (SEC) യോഗം കൂടുകയുണ്ടായി. യോഗത്തിന്റെ നടപടിക്കുറിപ്പ് **അനുബന്ധം 2** ആയി ചേർത്തിരിക്കുന്നു . സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി (SEC) താഴെ പറയുന്ന ശിപാർശകൾ മന്ത്രിസഭയുടെ പരിഗണയ്ക്കായി സമർപ്പിച്ചു :

***(a) കേരളത്തിന്റെ സാഹചര്യം കണക്കിലെടുത്ത് കടകളുടെ തരം പരിഗണിക്കാതെ ഒരു നിശ്ചിത തുക നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.***

***(b) ഒരാൾക്ക് ഒന്നിലധികം കടമുറികൾ ഉണ്ടായാലും വീടുകൾക്ക് നൽകിയ മാനദണ്ഡം പോലെ, ഒരു കടമുറിക്ക് മാത്രമേ നഷ്ടപരിഹാരം അനുവദിക്കാവൂ.***

***(c) മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 52 കട ഉടമകൾക്ക് ഓരോ കടയ്ക്കും ₹5,00,000/- കുറയാത്ത നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.***

***(d) നഷ്ടപരിഹാരം നൽകുന്നതിനുള്ള തുക വയനാട് ദുരന്തബാധിതർക്കായി സ്വരൂപിച്ച മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കണ്ടെത്താവുന്നതാണ്.***

**7.** 11/02/2026-ന് കൂടിയ മന്ത്രിസഭാ യോഗം സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ (SEC) മേൽ ശിപാർശകൾ പരിഗണിക്കുകയും താഴെ പറയുന്ന നിർദ്ദേശം നൽകുകയും ചെയ്തു.

***"സംരംഭകർക്കുള്ള നഷ്ടപരിഹാരം കണക്കാക്കി അതു സംബന്ധിച്ച നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണ്."***

**8.** കൂടാതെ മന്ത്രിസഭായോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി താഴെ പറയുന്ന പ്രകാരം കുറിപ്പ് നൽകി :

***"വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപൊട്ടലിൽ കടമുറികൾ നഷ്ടപ്പെട്ട കെട്ടിട ഉടമകൾക്കും സംരംഭകർക്കും ഉചിതമായ നഷ്ടപരിഹാരം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം 11.02.2026-ൽ ചേർന്ന മന്ത്രിസഭായോഗം പരിഗണിച്ചിരുന്നു.***

***ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംരംഭകർക്കും, കെട്ടിട ഉടമകൾക്കും എത്ര രൂപ വീതമാണ് നഷ്ടപരിഹാരം നൽകേണ്ടത് എന്ന വ്യക്തമായ ശിപാർശ സഹിതം പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഈ വിഷയം അടുത്ത മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക."***

**9.** തുടർന്ന് 16/02/2026-ന് ചേർന്ന സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി (SEC) ഈ വിഷയം പരിഗണിക്കുകയും താഴെ പറയുന്ന ശിപാർശകൾ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തു. യോഗത്തിന്റെ നടപടിക്കുറിപ്പ് **അനുബന്ധം 3** ആയി ചേർത്തിരിക്കുന്നു .

**<u>ശിപാർശകൾ</u>**

1. ദുരന്തത്തിൽ 100% നാശനഷ്ടം സംഭവിക്കുന്ന വീടുകൾക്ക് SDRF മാനദണ്ഡ പ്രകാരം 4 ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി അനുവദിക്കുന്നത്. അതേ മാതൃകയിൽ ദുരന്തത്തിൽ പൂർണ്ണമായി നഷ്ടം സംഭവിച്ച കടകൾക്ക് കടകളുടെ തരമോ ഘടനയോ പരിഗണിക്കാതെ, ഒരു കടയ്ക്ക് 4 ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.

2. കടയുടമയ്ക്ക് ഒന്നിൽ കൂടുതൽ കടമുറികൾ നഷ്ടമായിട്ടുണ്ടെങ്കിൽ, അധികമുള്ള ഒരോ കടമുറിക്കും ഒരു ലക്ഷം രൂപ വീതം, പരമാവധി 10 ലക്ഷം രൂപ എന്ന പരിധി നിശ്ചയിച്ചുകൊണ്ട് നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.

3. സംരംഭങ്ങൾ പുനരാരംഭിക്കുന്നതിനായി മൈക്രോപ്ലാൻ , ഉജ്ജീവന പദ്ധതി ,വായ്പ ഏറ്റെടുക്കൽ എന്നിവ മുഖേന സഹായം സർക്കാർ നൽകിയിട്ടുള്ളതിനാൽ സംരംഭങ്ങൾക്കുള്ള നഷ്ടപരിഹാരം 2 ലക്ഷം രൂപയായി നിശ്ചയിക്കാവുന്നതാണ്.

4. ഒരു സംരംഭകന് ഒന്നിൽ കൂടുതൽ സംരംഭങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അധികമായി നഷ്ടപ്പെട്ട ഒരോ സംരംഭത്തിനും 50,000 രൂപ വീതം, പരമാവധി 3 ലക്ഷം രൂപ എന്ന പരിധി നിശ്ചയിച്ചുകൊണ്ട് നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.

5. മേൽ നിർദ്ദേശിച്ച പ്രകാരം നഷ്ടപരിഹാരം അനുവദിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത കണക്കാക്കി ആയത് കൂടി മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 10. സാമ്പത്തിക ബാധ്യത

## കടമുറികൾക്ക് നഷ്ടപരിഹാരം നൽകുമ്പോൾ വരുന്ന സാമ്പത്തിക ബാധ്യത

| Category | No. of Owners | Commitment per Owner (₹ lakh) | Total Commitment (₹ lakh) |
|---|---|---|---|
| No of owners who had 1 shop | 22 | 4 | 22 × 4 = **88** |
| No of owners who had 2 shops | 13 | 4+1 | 13 × 5 = **65** |
| No of owners who had 3 shops | 4 | 4+2 | 4 × 6 = **24** |
| No of owners who had 4 shops | 6 | 4+3 | 6 × 7 = **42** |
| No of owners who had 5 shops | 2 | 4+4 | 2 × 8 = **16** |
| No of owners who had 6 shops | 4 | 4+5 | 4 × 9 = **36** |
| No of owners who had 8 shops | 1 | 4+7 = 11 (limited to 10 lakh) | 1 × 10 = **10** |
| | | Total | 281 lakh |

## സംരംഭങ്ങൾക്ക് നഷ്ടപരിഹാരം നൽകുമ്പോൾ വരുന്ന സാമ്പത്തിക ബാധ്യത

| No. of Enterprises | No. of Members | Cost per Member (₹ Lakh) | Total (₹ Lakh) |
|---|---|---|---|
| 1 Enterprise | 62 | 2 | 62 × 2 = 124 |
| 2 Enterprises | 9 | 2.5 (2 + 0.5) | 9 × 2.5 = 22.5 |
| 3 Enterprises | 1 | 3 (2 + 0.5 + 0.5) | 1 × 3 = 3 |
| **Total** | **72** | | **149.5 Lakh** |

**ആകെ ചെലവ് = 281 + 149.5 = 430.5 ലക്ഷം**

11/02/2026-ലെ മന്ത്രിസഭാ യോഗത്തിന്റെ ഇനം നമ്പർ: 3659-ലെ തീരുമാനം പ്രകാരം ഈ വിഷയം മന്ത്രിസഭയുടെ പരിഗണയ്ക്കായി സമർപ്പിക്കുന്നു.

**<u>തീരുമാനിക്കേണ്ട വിഷയങ്ങൾ</u>**

(1) സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ (SEC) താഴെ പറയുന്ന ശിപാർശകൾ അംഗീകരിക്കാമോ ?

***1. ദുരന്തത്തിൽ 100% നാശനഷ്ടം സംഭവിക്കുന്ന വീടുകൾക്ക് SDRF മാനദണ്ഡ പ്രകാരം 4 ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി അനുവദിക്കുന്നത്. അതേ മാതൃകയിൽ ദുരന്തത്തിൽ പൂർണ്ണമായി നഷ്ടം സംഭവിച്ച കടകൾക്ക് കടകളുടെ തരമോ ഘടനയോ പരിഗണിക്കാതെ, ഒരു കടയ്ക്ക് 4 ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.***

***2. കടയുടമയ്ക്ക് ഒന്നിൽ കൂടുതൽ കടമുറികൾ നഷ്ടമായിട്ടുണ്ടെങ്കിൽ, അധികമുള്ള ഒരോ കടമുറിക്കും ഒരു ലക്ഷം രൂപ വീതം, പരമാവധി 10 ലക്ഷം രൂപ എന്ന പരിധി നിശ്ചയിച്ചുകൊണ്ട് നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.***

***3. സംരംഭങ്ങൾ പുനരാരംഭിക്കുന്നതിനായി മൈക്രോപ്ലാൻ, ഉജ്ജീവന പദ്ധതി, വായ്പ ഏറ്റെടുക്കൽ എന്നിവ മുഖേന സഹായം സർക്കാർ നൽകിയിട്ടുള്ളതിനാൽ സംരംഭങ്ങൾക്കുള്ള നഷ്ടപരിഹാരം 2 ലക്ഷം രൂപയായി നിശ്ചയിക്കാവുന്നതാണ്.***

***4. ഒരു സംരംഭകന് ഒന്നിൽ കൂടുതൽ സംരംഭങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അധികമായി നഷ്ടപ്പെട്ട ഒരോ സംരംഭത്തിനും 50,000 രൂപ വീതം, പരമാവധി 3***

*ലക്ഷം രൂപ എന്ന പരിധി നിശ്ചയിച്ചുകൊണ്ട് നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.*

(2) മേൽ (1) അംഗീകരിച്ചാൽ നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായി വരുന്ന 430.5 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കാവുന്നതാണോ ?

(3) വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപൊട്ടലിൽ കടമുറികൾ നഷ്ടപ്പെട്ട കെട്ടിട ഉടമകൾക്കും സംരംഭകർക്കും നഷ്ടപരിഹാരമായി മേൽ തുക വിതരണം ചെയ്യുന്നതിന് വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്താവുന്നതാണോ ?

ANNEXURE -1

അനുബന്ധം-1

**DCWYD/3748/2025-DM3**

## ചൂരൽമല – മുണ്ടക്കൈ ദുരന്ത ബാധിത വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം

മുണ്ടക്കൈ ചൂരൽമല ദുരന്തത്തിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട സംരംഭകർ പ്രത്യേകിച്ച് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ നടത്തുന്ന സംരംഭകർക്കുണ്ടായിട്ടുള്ള സാമ്പത്തിക പ്രത്യാഘാതങ്ങൾ ദീർഘകാലം നിലനിൽക്കുന്നതാണ്. ദുരന്തം മൂലം സംരംഭങ്ങളുടെ പ്രവർത്തനം നിലയ്ക്കുകയും, ആസ്തികൾ നശിക്കുകയും, തൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതാകുകയും, മാർക്കറ്റിംഗ് സാധ്യതകൾ ഇല്ലാതാകുകയും, വായ്പ ലഭ്യത ഇല്ലാതാകുകയും ചെയ്തു. ഇത് ദുരന്തം സംഭവിച്ച മേഖലയെ മാത്രമല്ല പരിസര പ്രദേശങ്ങളുടെയും സാമ്പത്തിക വളർച്ചയേയും ബാധിച്ചു. മുണ്ടക്കൈ ചൂരൽമല ദുരന്തത്തിൽ കേടുപാടുകൾ സംഭവിക്കുകയും ഉപയോഗശൂന്യമായി തീരുകയും ചെയ്ത വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാണിജ്യ കെട്ടിടങ്ങൾ | എണ്ണം |
|---|---|---|
| 1 | ആകെ ഉടമസ്ഥരുടെ എണ്ണം | 52 |
| 2 | 3 പുറമ്പോക്ക് ഉൾപ്പെടെയുള്ള റൂമുകളുടെ ആകെ എണ്ണം | 126 |
| 3 | സ്ഥാപനങ്ങളുടെ എണ്ണം | 94 |
| 4 | പാർട്ടി ഓഫീസ് | 4 |
| 5 | പോസ്റ്റ് ഓഫീസ് | 1 |
| 6 | ബാങ്ക് | 2 |
| 7 | ഒഴിഞ്ഞ് കിടക്കുന്നത് | 4 |
| 8 | വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾ | 83 (94-11) |
| 9 | 83 സ്ഥാപനങ്ങൾ നടത്തുന്ന വ്യക്തികളുടെ എണ്ണം | 72 (22 owners and 50 tenants) |

*(അവലംബം (1) : സ.ഉ (കൈ) നം. 14/2025/DMD തിയ്യതി 01-08-2025)*

സംസ്ഥാന ദുരന്തനിവാരണ നിധിയുടെ കീഴിലുള്ള ദുരിതാശ്വാസ മാനദണ്ഡങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും ധന സഹായം നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാലും സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങൾക്ക് ധന സഹായം ആവശ്യമായതിനാലും ഉചിതമായ നഷ്ടപരിഹാരം നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടതുള്ളതിനാൽ 01-08-2025 തിയ്യതിയിലെ സ.ഉ (കൈ)നമ്പർ. 14/2025/DMD സർക്കാർ ഉത്തരവ് പ്രകാരം ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിന് ജില്ലാ കളക്ടർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ , ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയം ഭരണം എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

09-01-2025 തിയ്യതിയിലെ സ.ഉ.(കൈ) നം. 1/2025/DMD പ്രകാരം പ്രകൃതി ദുരന്തത്തിൽ വീട്ടുകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന്റെ തോതിന് ആനുപാതികമായി സ്ലാബുകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| നാശനഷ്ടത്തിന്റെ തോത് | ആകെ തുക (Rs.) | |
|---|---|---|
| | സമതലം | മലമ്പ്രദേശം |
| കുറഞ്ഞത് 15% | 10,000 | 10,000 |
| 16-29% | 60,000 | 60,000 |
| 30-59% | 1,25,000 | 1,25,000 |
| 60-70% | 2,50,000 | 2,50,000 |
| 70%ത്തിലധികം | 4,00,000 | 4,00,000 |

പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം വീടുകൾക്ക് മാത്രമാണ് നഷ്ടപരിഹാരം നൽകാൻ സാധിക്കുക. നിലവിൽ കച്ചവട സ്ഥാപനങ്ങൾക്കോ മറ്റ് സംരംഭങ്ങൾക്കോ നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ സംരംഭങ്ങൾക്കും മറ്റ് കച്ചവട സ്ഥാപനങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഇപ്രകാരം നിർദ്ദേശിക്കുന്നു.

**<u>കെട്ടിടങ്ങൾ/കടമുറികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

നിലവിൽ ലഭ്യമായ പട്ടിക പ്രകാരം പുറമ്പോക്ക് ഭൂമിയിലുള്ള 3 കടമുറികൾ ഉൾപ്പെടെ 126 കടമുറികളാണ് ദുരന്ത പ്രദേശത്ത് സ്ഥിതി ചെയ്തിരുന്നത്.

| ക്രമ നമ്പർ | തരം | എണ്ണം |
|---|---|---|
| 1 | ആകെ കട മുറികളുടെ എണ്ണം | 126 |
| 3 | ആകെ പക്കാ കട മുറികളുടെ എണ്ണം | 123 |
| 4 | പുറമ്പോക്ക് ഭൂമിയിലെ കട മുറികളുടെ എണ്ണം | 3 |
| 5 | ഒന്നാം നില താമസത്തിനായും താഴെ കടമുറിയായും ഉപയോഗിച്ചിരുന്നവർ | 3 |
| 6 | ആകെ കടമുറി ഉടമകളുടെ എണ്ണം | 52 |

(നിലവിൽ പഞ്ചായത്ത് നൽകിയ ലിസ്റ്റ് പ്രകാരമുള്ളത്, കെട്ടിടങ്ങളുടെ എണ്ണത്തിൽ ചെറിയ മാറ്റങ്ങൾ ഉണ്ടായേക്കാം)

ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ കെട്ടിട ഉടമകളുടെ തരംതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കടമുറികളുടെ എണ്ണം | ഉടമസ്ഥരുടെ എണ്ണം | ആകെ കടമുറികൾ |
|---|---|---|

| | | |
|---|---|---|
| 1 | 19+ 3 പുറമ്പോക്ക് | 19+ 3 |
| 2 | 13 | 26 |
| 3 | 4 | 12 |
| 4 | 6 | 24 |
| 5 | 2 | 10 |
| 6 | 4 | 24 |
| 8 | 1 | 8 |
| ആകെ | 52 | 123+3 |

(നിലവിൽ പഞ്ചായത്ത് നൽകിയ ലിസ്റ്റ് പ്രകാരമുള്ളത്, കെട്ടിടങ്ങളുടെ എണ്ണത്തിൽ ചെറിയ മാറ്റങ്ങൾ ഉണ്ടായേക്കാം)

മേൽ പരാമർശിച്ചിട്ടുള്ള പട്ടികകളുടെ അടിസ്ഥാനത്തിൽ 2 തരത്തിൽ നഷ്ട പരിഹാരം നൽകുന്നതിന് പരിഗണിക്കാവുന്നതാണ്.

a കടമുറിയുടെ ഘടന (പക്കാ , കച്ചാ ) പരിഗണിക്കാതെ ഒരു നിശ്ചിത തുക നഷ്ട പരിഹാരം നിശ്ചയിച്ച് ഒരാൾക്ക് പരമാവധി 2 കടമുറിക്ക് വരെ നഷ്ട പരിഹാരം നൽകാവുന്നതാണ്.

OR

b കടമുറിയുടെ ഘടന (പക്കാ , കച്ചാ ) പരിഗണിച്ച് പക്കാ കടമുറിക്ക് ഒരു നിശ്ചിത തുകയും, കച്ചാ കടമുറിക്ക് അതിനെക്കാൾ കുറഞ്ഞ ഒരു തുകയും നിശ്ചയിച്ച് ഒരാൾക്ക് പരമാവധി 2 കടമുറികൾക്ക് വരെ നഷ്ടപരിഹാരം നൽകാവുന്നതാണ്.

പുറമ്പോക്കിൽ സ്ഥിതി ചെയ്തിരുന്ന കെട്ടിടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്.

പ്രസ്തുത പ്രദേശം സർക്കാർ നിശ്ചയിച്ചിട്ടുള്ള നോ ഗോ സോണിൽ ഉൾപ്പെട്ടിട്ടുള്ളതിനാലും മറ്റു വാണിജ്യ വ്യവസായ പ്രവർത്തനങ്ങൾ നടക്കാൻ സാധ്യതയില്ലാത്തതിനാലും സംരംഭങ്ങൾ പൂർണ്ണമായും നഷ്ടപ്പെട്ടതായി കണക്കാക്കി പരമാവധി തുക നഷ്ടപരിഹാരം നൽകാവുന്നതാണ്.

## സംരംഭങ്ങൾക്ക് നഷ്ട പരിഹാരം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

നിലവിൽ ലഭ്യമായ രേഖകൾ പ്രകാരം (82 + 3) സംരംഭങ്ങൾക്ക് ചൂരൽമല, മുണ്ടക്കൈ ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ചതായി മനസ്സിലാകുന്നു. ദുരന്ത സമയത്ത് അനുമതികളോടെ പ്രവർത്തിച്ചിരുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Abstract of persons having license

| Ward | Own | Tenant | Total |
|---|---|---|---|
| 10 | 5 | 9 | 14 |
| 11 | 1 | 1 | 2 |
| 12 | 3 | 15 | 18 |
| **Total** | **9** | **15** | **34** |

വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നടത്തിയിരുന്ന സംരംഭകരെ നഷ്ടപരിഹാരം നൽകുന്നതിനായി രണ്ട് തരത്തിൽ പരിഗണിക്കാവുന്നതാണ്.

| ക്രമ നമ്പർ | തരം | എണ്ണം |
|---|---|---|
| 1 | കാലാവധിയുള്ള ലൈസൻസോടെ പ്രവർത്തിച്ചിരുന്ന സംരംഭങ്ങൾ | 34 |
| 2 | ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന സംരംഭങ്ങൾ | 92 |

മേൽ പ്രകാരമുള്ള തരംതിരിവിന്റെ അടിസ്ഥാനത്തിൽ നഷ്ട പരിഹാരം 3 വിധത്തിൽ നൽകാവുന്നതാണ്.

a ലൈസൻസോടെ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾക്ക് ഒരു നിശ്ചിത തുക നഷ്ട പരിഹാരമായി കണക്കാക്കി ഒരു വ്യക്തിക്ക് പരമാവധി രണ്ട് സംരംഭത്തിന് എന്ന നിലയിൽ നഷ്ടപരിഹാരം നൽകാവുന്നതും , മറ്റുള്ളവർക്ക് കുറഞ്ഞ തുകയും നൽകാവുന്നതാണ്.

OR

b ലൈസൻസോടെ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾക്കും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്കും ഒരു നിശ്ചിത തുക നഷ്ട പരിഹാരമായി കണക്കാക്കി ഒരു വ്യക്തിക്ക് പരമാവധി രണ്ട് സംരംഭത്തിന് എന്ന നിലയിൽ നഷ്ടപരിഹാരം നൽകാവുന്നതും , മറ്റുള്ളവർക്ക് കുറഞ്ഞ തുകയും നൽകാവുന്നതാണ് .

OR

c എല്ലാ സംരംഭങ്ങൾക്കും ഒരു പോലെ നഷ്ട പരിഹാരം നൽകാവുന്നതാണ്.

## സംഗ്രഹം

ഈ പ്രോപ്പോസൽ സംരംഭങ്ങൾക്ക് സംഭവിച്ച നഷ്ടങ്ങൾക്ക് യുക്തമായ നഷ്ടപരിഹാരം നൽകുന്നതിനായി സമർപ്പിക്കുന്നതാണ്. എന്നാൽ, ദുരന്ത ബാധിത സംരംഭങ്ങളുടെ പുനരധിവാസ നടപടികൾ കൈകാര്യം ചെയ്യുന്നതായി ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ **'മൈക്രോ പ്ലാൻ'** എന്ന പദ്ധതി നിലവിലുണ്ട്. ഇതു പ്രകാരം ദുരന്തബാധിതരുടെ വ്യക്തിഗത ഉപജീവന ആവശ്യങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ജില്ലയിൽ പുരോഗമിച്ചു വരുന്നുണ്ട്.

**വയനാട് ചൂരൽമല മുണ്ടക്കൈ ഉരുൾപൊട്ടലിൽ കടമുറികൾ നഷ്ടമായ കെട്ടിട ഉടമകൾക്ക് നഷ്ടപരിഹാര മാനദണ്ഡങ്ങൾ തീരുമാനിക്കുന്നതിനായി 06/02/2026 -ന് ചേർന്ന അടിയന്തിര SEC യോഗത്തിന്റെ നടപടികുറിപ്പ്**

യോഗം ചീഫ് സെക്രട്ടറി ഡോ. എ ജയതിലകിന്റെ അധ്യക്ഷതയിൽ 1 മണിക്ക് ആരംഭിച്ചു. ചീഫ് സെക്രട്ടറി യോഗത്തെ സ്വാഗതം ചെയ്തു. അടുത്ത മന്ത്രിസഭായോഗത്തിൽ SEC-യുടെ ശുപാർശ സഹിതം ഈ വിഷയം പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് ബഹു മുഖ്യമന്ത്രി ഉത്തരവ് നൽകിയിട്ടുണ്ടെന്ന് ചീഫ് സെക്രട്ടറി യോഗത്തെ അറിയിച്ചു. തുടർന്ന് ദുരന്ത നിവാരണ വകുപ്പ് തയ്യാറാക്കിയ പ്രസന്റേഷൻ യോഗത്തിൽ അവതരിപ്പിച്ചു.

സ.ഉ.(കൈ) നം.14/2025-ഡിഎംഡി, തീയതി 01/08/2025 പ്രകാരം ചൂരൽമല- മുണ്ടക്കൈ എന്നീ പ്രദേശങ്ങളിൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട സംരംഭകർക്കും, കെട്ടിട ഉടമകൾക്കും ഉചിതമായ നഷ്ടപരിഹാരം അനുവദിക്കുന്നതിന് തീരുമാനിക്കുകയും നഷ്ടപരിഹാരത്തിന്റെ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ശുപാർശകൾ സഹിതം സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് (1) ജില്ലാ കളക്ടർ വയനാട്,(2) ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്, (3) ജനറൽ മനേജർ ജില്ലാ വ്യവസായ കേന്ദ്രം വയനാട് എന്നിവർ അംഗങ്ങളായ കമ്മിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ ബഹു മുഖ്യമന്ത്രിയുടെ ഉത്തരവിനായി സമർപ്പിച്ചപ്പോൾ ബഹു മുഖ്യമന്ത്രി താഴെ പറയും പ്രകാരം ഉത്തരവായി :

*"126 കടമുറികളുടെ ഉടമസ്ഥരായ 52 പേർക്ക് നഷ്ടപരിഹാര മാനദണ്ഡം അടിയന്തരമായി SEC കൂടി നിശ്ചയിച്ചശേഷം, നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക."*

തുടർന്ന് ഈ വിഷയം യോഗം വിശദമായി ചർച്ച ചെയ്യുകയും, താഴെ പറയുന്ന ശുപാർശകൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു

**ശുപാർശകൾ**

1. കേരളത്തിന്റെ സാഹചര്യം കണക്കിലെടുത്തു കടകളുടെ തരം പരിഗണിക്കാതെ ഒരു നിശ്ചിത തുക നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.

2. ഒരു വ്യക്തിക്ക് ഒന്നിലധികം കടമുറികൾ ഉണ്ടെങ്കിലും , വീടുകൾക്ക് നഷ്ടപരിഹാരം നൽകിയ അതെ മാനദണ്ഡ പ്രകാരം , ഒരു കടമുറിയുടെ നഷ്ടപരിഹാരം മാത്രം അനുവദിക്കാവുന്നതാണ്.

3. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 52 കട ഉടമകൾക്ക് ഒരു കടയ്ക്ക് ഒരു നിശ്ചിത തുക (5 ലക്ഷത്തിൽ കുറയാത്ത ) നഷ്ടപരിഹാരമായി അനുവദിക്കാവുന്നതാണ്.

4. നഷ്ടപരിഹാരം നൽകുന്നതിനുള്ള തുക വയനാട് ദുരന്തബാധിതർക്കായി സ്വരൂപിച്ച മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കണ്ടെത്താവുന്നതാണ് .

യോഗം 1.30 ക്ക് അവസാനിച്ചു.

അനുബന്ധം -3

**വയനാട് ചൂരൽമല മുണ്ടക്കൈ ഉരുൾപൊട്ടലിൽ കടമുറികൾ നഷ്ടമായ കെട്ടിട ഉടമകൾക്കും സംരംഭകർക്കും നഷ്ടപരിഹാര മാനദണ്ഡങ്ങൾ തീരുമാനിക്കുന്നതിനായി 16/02/2026 -ന് ചേർന്ന അടിയന്തിര SEC യോഗത്തിന്റെ നടപടികുറിപ്പ്**

യോഗം ചീഫ് സെക്രട്ടറി ഡോ. എ ജയതിലകിന്റെ അധ്യക്ഷതയിൽ 12.30 മണിക്ക് ആരംഭിച്ചു.

ചീഫ് സെക്രട്ടറി യോഗത്തെ സ്വാഗതം ചെയ്തു. 11/02/2026- ൽ കൂടിയ മന്ത്രിസഭാ യോഗം ഈ വിഷയം പരിഗണിക്കുകയും, സംരംഭകർക്കുള്ള നഷ്ടപരിഹാരം കണക്കാക്കി അതു സംബന്ധിച്ച നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണ് എന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടെന്നും, ആയതിനാലാണ് ഈ SEC യോഗം കൂടുന്നതെന്നും ചീഫ് സെക്രട്ടറി യോഗത്തെ അറിയിച്ചു.

ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച കടമുറികൾക്കും സംരംഭകർക്കും നഷ്ടപരിഹാരം നൽകുന്ന വിഷയം യോഗം വിശദമായി ചർച്ച ചെയ്യുകയും താഴെ പറയുന്ന ശിപാർശകൾ നൽകുകയും ചെയ്തു.

**ശിപാർശകൾ**

(1) ദുരന്തത്തിൽ 100% നാശനഷ്ടം സംഭവിക്കുന്ന വീടുകൾക്ക് SDRF മാനദണ്ഡ പ്രകാരം 4 ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി അനുവദിക്കുന്നത്. അതുപോലെ ദുരന്തത്തിൽ പൂർണ്ണമായി നഷ്ടം സംഭവിച്ച കടകൾക്ക് കടകളുടെ തരമോ, ഘടനയോ പരിഗണിക്കാതെ, ഒരു കടയ്ക്ക് 4 ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.

(2) കടയുടമയ്ക്ക് ഒന്നിൽ കൂടുതൽ കടമുറികൾ നഷ്ടമായിട്ടുണ്ടെങ്കിൽ അധികമുള്ള ഒരോ കടമുറിക്കും ഒരു ലക്ഷം രൂപ വീതം, പരമാവധി 10 ലക്ഷം രൂപ എന്ന പരിധി നിശ്ചയിച്ചുകൊണ്ട് നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.

(3) സംരംഭങ്ങൾ പുനരാരംഭിക്കുന്നതിനായി മൈക്രോപ്ലാൻ, ഉജ്ജീവന പദ്ധതി, വായ്പ ഏറ്റെടുക്കൽ എന്നിവ മുഖേന സഹായം സർക്കാർ നൽകിയിട്ടുള്ളതിനാൽ സംരംഭങ്ങൾക്കുള്ള നഷ്ടപരിഹാരം 2 ലക്ഷം രൂപയായി നിശ്ചയിക്കാവുന്നതാണ്.

(4) ഒരു സംരംഭകന് ഒന്നിൽ കൂടുതൽ സംരംഭങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അധികമായി നഷ്ടപ്പെട്ട ഒരോ സംരംഭത്തിനും 50,000 രൂപ വീതം, പരമാവധി 3 ലക്ഷം രൂപ എന്ന പരിധി നിശ്ചയിച്ചുകൊണ്ട് നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.

(5) മേൽ നിർദ്ദേശിച്ച പ്രകാരം നഷ്ടപരിഹാരം അനുവദിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത കണക്കാക്കി ആയത് കൂടി മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾപ്പെടുത്തേണ്ടതാണ്.

(നടപടി : ദുരന്തനിവാരണ വകുപ്പ്)

യോഗം 1 മണിക്ക് അവസാനിച്ചു.